വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷക-തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. 2015 മാർച്ച് വരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 എപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

മൈക്രോ ഫിനാൻസ് പദ്ധതി-വായ്പ

252 (953) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതി മുഖേന വിതരണം ചെയ്യുന്നതിനായി പിന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി എത്ര കോടി രൂപയാണ് വായ്പയെടുത്തിട്ടുള്ളതെന്നും ഈ വായ്പകൾക്കായി ആരൊക്കെയാണ് ഗാരന്റി നിന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽനിന്നും എത്ര ശതമാനം പലിശയ്ക്ക് വിതരണം ചെയ്യുവാനാണ് പണം അനുവദിച്ചിട്ടുള്ളതെന്നും. അനുവദിച്ചതിൽ കൂടുതൽ പലിശ മൈക്രോ ഫിനാൻസ് വഴി ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായ കോർപ്പറേഷൻ വഴി വിതരണത്തിന് അനുവദിച്ച ഇക സംബന്ധിച്ച് ക്രമവിരുദ്ധമായ നടപടികൾ ഉണ്ടായതായി പരാതി ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15,85,00,000 രൂപ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സംഘടനയുടെ Net worth-ന്റെ (അറ്റ ആസ്തി) അടിസ്ഥാനത്തിലാണ് ഈ വായ്പകൾ നല്കിയിട്ടുള്ളത്.

(ബി) 31-3-2003-ന് നൽകിയ 50 ലക്ഷം രൂപയും 10-6-2004-ന് നൽകിയ 50 ലക്ഷം രൂപയും SNDP യോഗത്തിന് നൽകിയിരുന്നത് 5 ശതമാനം പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായസംഘത്തിന് നല്കുന്നത് 8% പലിശയ്ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

20-11-2004 മുതൽ 25-8-2009 വരെ നല്കിയ വായ്പകൾ SNDP യോഗത്തിന് നല്കിയിട്ടുള്ളത് 3% പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായ സംഘങ്ങൾക്ക് നല്കേണ്ടത് 5% പലിശയ്ക്കാണ്.

19-6-2014-ന് നൽകിയ 5 കോടി രൂപ 3% പലിശയ്ക്കാണ് SNDP യോഗത്തിന് നൽകിയിരുന്നത്. SNDP യോഗം സ്വയംസഹായ സംഘത്തിന് 5% പലിശയ്ക്ക് നൽകാനാണ് വ്യവസ്ഥ. ഗുണഭോക്താക്കളിൽനിന്നും ഈടാക്കേണ്ട പലിശ നിരക്ക് 5% ആയി നിശ്ചയിച്ചിരുന്നു.

19-6-2014-ൽ കൊടുത്ത 5 കോടി രൂപ വായ്പയിൽ ജില്ലകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം പലിശ നിരക്കിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) എസ്.എൻ.ഡി.പി. മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് റിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലെന്നും ചിലരിൽനിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന പരാതികൾ. വായ്പാതുക ദുർവിനിയോഗം നടത്തിയിട്ടുള്ളത് കണ്ടെത്തിയ സാഹചര്യത്തിൽ 3% പലിശയും 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ വായ്പാ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗാന്ധിഗ്രാമം പദ്ധതി

253 (954) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാന്ധിഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly